**LBS CENTRE FOR**
**SCIENCE & TECHNOLOGY**
*(A Government of Kerala Undertaking)*
**Extra Police Road, Nandavanam, Thiruvananthapuram-695 033, Kerala.**
Phone: 2324396, 2324148, 2324364 Fax: 0471-2337055
email:mail@lbscentre.org, lbscentre@gmail.com web: lbskerala.com, lbscentre.org

Ref:B10/1912/2011 Date : 14-07-2011

**സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ( SET-2011) സെപ്തംബർ 25 – ഞായറാഴ്ച**

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ അദ്ധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണ്ണയ പരീക്ഷ (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) 2011 സെപ്തംബർ 25-ാം തീയതി നടത്തുന്നതാണ്. G.O. (Rt) No. 2138/11/Gl.Edn dated 06/06/2011 പ്രകാരം ഈ പരീക്ഷ നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെയാണ്.

50% മാർക്കിൽ കുറയാതെ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും, ബി.എഡ്-ഉം ആണ് അടിസ്ഥാന യോഗ്യത. ചില വിഷയങ്ങളെ ബി.എഡ് -ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. LTTC **tbm** DHT യോ അല്ലാതെയുള്ള ട്രെയിനിംഗ് യോഗ്യതകൾ ബി.എഡ് -ന് തുല്യമായി പരിഗണിക്കുന്നതല്ല.

എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെടുന്നവർക്ക് ബിരുദാനന്തര ബിരുദത്തിന് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. അതിനാൽ രണ്ടാം ക്ലാസ് എന്ന നിബന്ധന ഇവർക്ക് ഉണ്ടായിരിക്കുകയില്ല. ലാറ്റിൻ വിഷയത്തിൽ സെറ്റ് പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്നവർ, ഡിഗ്രി തലത്തിൽ ലാറ്റിൻ സെക്കന്റ് ലാംഗ്വേജായി എടുത്ത് 50% ത്തിൽ കുറയാതെ മാർക്ക്(ലാറ്റിന്) നേടിയവരും ഏതെങ്കിലും വിഷയത്തിൽ 50% ത്തിൽ കുറയാതെ സെക്കന്റ് ക്ലാസ്സ് പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദവും നേടിയവരായിരിക്കണം.

**അടിസ്ഥാന യോഗ്യതയിൽ ഒന്നുമാത്രം നേടിയവർക്ക് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ ബാധകമാണ്.**

1) പി.ജി. ബിരുദം മാത്രം നേടിയവർ 2010 ൽ ബി.എഡിന് പ്രവേശനം ലഭിച്ചവരായിരിക്കണം.

2)ബി.എഡ് ബിരുദം മാത്രം നേടിയവർ 2010-2011 അദ്ധ്യായനവർഷത്തിൽ അവസാനവർഷ/സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് പരീക്ഷ എഴുതുന്നവരായിരിക്കണം.

3)മേൽ പറഞ്ഞ നിബന്ധന പ്രകാരം (1&2) പരീക്ഷ എഴുതുന്നവർക്ക് സെറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അവർ ഈ അവസരത്തിൽ തന്നെ പി.ജി./ബി.എഡ്. പരീക്ഷകൾ പാസായിരിക്കണം. പി.ജി./ബി.എഡ്. പരീക്ഷകൾ ഒരേ അവസരത്തിൽ തന്നെ എഴുതുന്നവർ സെറ്റ് പരീക്ഷ എഴുതുവാൻ യോഗ്യരല്ല.

കംപ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജിയിലും, ഇലക്ട്രോണിക്സിലും സെറ്റ് പരീക്ഷ നടത്തുന്നതല്ല. എല്ലാ വിഷയങ്ങളുടേയും സിലബസ് എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

ജനറൽ/ഒ.ബി.സി. വിഭാഗത്തിൽപെടുന്നവർ 500 രൂപയും, എസ്.സി./എസ്.റ്റി. വിഭാഗത്തിൽപെടുന്നവർ 250 രൂപയും നൽകിയാൽ കേരളത്തിലെ ഹെഡ് പോസ്റ്റാഫീസുകളിൽ നിന്നും പ്രോസ്പെക്ടസും അപേക്ഷഫോറവും 18/07/2011 മുതൽ 18/08/2011 വരെ ലഭിക്കുന്നതാണ്. കേരളത്തിന് പുറത്തുള്ളവർ അപേക്ഷ ലഭിക്കാൻ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എൽ.ബി.എസ്. ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 550 രൂപ ഡി.ഡി യും എസ്.സി./എസ്.ടി വിഭാഗത്തിൽ 300 രൂപ ഡി.ഡി യും മുൻകൂർ എടുത്ത് സ്വന്തം മേൽ വിലാസം എഴുതിയ (31cmX25cm) കവറും സഹിതം ഡയറക്ടർ എൽ.ബി.എസ്സ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ആഗസ്റ്റ് 8-ാം തീയതിക്കകം അപേക്ഷിക്കേണ്ടതാണ്. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപെടുന്നവർ ഫീസ് ഇളവിനായി ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ, നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റിൽ ഓൺ ലൈൻആയി രജിസ്റ്റർ ചെയ്തിരിക്കണം. ഇവയുടെ നിർദ്ദേശം പ്രോസ്പെക്ടസിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ഓൺ ലൈനായി രജിസ്റ്റർ ചെയ്ത ശേഷം ഫോട്ടോ പതിച്ച അപേക്ഷ തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ തപാലിൽ ലഭിച്ചിരിക്കണം. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ഹാജരാക്കേണ്ട ആവശ്യമില്ല. സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചതിനുശേഷം സെറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ഇവ ഹാജരാക്കിയാൽ മതിയാകും. പരീക്ഷയുടെ ഹാൾടിക്കറ്റ് എൽ ബി എസ് സെന്ററിന്റെ വെബ് സൈറ്റുകളിൽ ഓൺലൈനായി ലഭിക്കും.

**സെറ്റ് 2011 ന്റെ അപേക്ഷാഫാറം ലഭിക്കുന്ന ഹെഡ് പോസ്റ്റാഫീസുകൾ**

തിരുവനന്തപുരം ജി.പി.ഒ., തൈക്കാട്, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ, പത്തനംതിട്ട, അടൂർ, ചെങ്ങന്നൂർ, തിരുവല്ല, ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, വൈക്കം, പാല, തൊടുപുഴ, കട്ടപ്പന, എറണാകുളം, ആലുവ, കൊച്ചി, മൂവാറ്റുപുഴ, പെരുമ്പാവൂർ, ചാലക്കുടി, ഇരിങ്ങാലക്കുട, കുന്ദംകുളം, തൃശ്ശൂർ, വടക്കാഞ്ചേരി, ആലത്തൂർ, ഒലവക്കോട്, ഒറ്റപ്പാലം, പാലക്കാട്, മലപ്പുറം, മഞ്ചേരി, പൊന്നാനി, തിരൂർ, കോഴിക്കോട്, കോഴിക്കോട് സിവിൽ സ്റ്റേഷൻ, കൊയിലാണ്ടി, വടകര, കൽപ്പറ്റ, കാഞ്ഞങ്ങാട്, കാസർഗോഡ്, കണ്ണൂർ, തളിപ്പറമ്പ,തലശ്ശേരി.

കൂടുതൽ വിവരങ്ങൾ **www.lbskerala.com, www.lbscentre.org** എന്നീ വെബ് സൈറ്റുകളിൽ നിന്നും ലഭിക്കുന്നതാണ്.

**ഡയറക്ടർ**